**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 27 | 18.03.2013-ൽ മറുപടിയ്ക്ക്

## സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ സെൽവരാജ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ല്യൂഡി ലൂയിസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ, അവരുടെ ബന്ധുക്കൾ എന്നിവർക്ക് എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇതിനായി പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?<br><br>(സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളും ആണ് നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;<br><br>(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (എ) (ബി) (സി) & (ഡി) പബ്ലിക് സർവ്വന്റിന്റെയോ അവരുടെ കുടുംബാംഗങ്ങളുടെയോ മേലുള്ള ആക്രമണങ്ങളും വസ്തുവകകൾ നശിപ്പിക്കുന്നത് തടയുന്നതിനും അങ്ങനെയുള്ള പ്രവൃത്തികൾ ശിക്ഷിക്കപ്പെടുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമനിർമ്മാണത്തിനായി പതിമൂന്നാം കേരള നിയമസഭയുടെ 2013 - ലെ കേരള ക്രിമിനൽ നിയമ ( ഭേദഗതി) ബിൽ ( ബിൽ നം 177) ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>പ്രസ്തുത ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കുറ്റങ്ങളും ശിക്ഷകളും താഴെ പറയും പ്രകാരമാണ്.<br>(i) 332 എ പ്രകാരം പബ്ലിക് സർവ്വന്റിന്റെ ഒരു കുടുംബാംഗത്തെ സ്വമേധയാ ദേഹോപദ്രവം ഉണ്ടാക്കുന്ന ഏതൊരാളെയും മൂന്നുവർഷക്കാലം വരെ ആകാവുന്ന തടവു ശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.<br>(ii) 333 എ പ്രകാരം പബ്ലിക് സർവ്വന്റിന്റെ ഒരു കുടുംബാഗത്തെ സ്വമേധയാ കഠിനമായ ദേഹോപദ്രവം ഉണ്ടാക്കുന്ന ഏതൊരാളെയും പത്ത് വർഷക്കാലം വരെ ആകാവുന്ന തടവുശിക്ഷയും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. |

(iii) 427 എ പ്രകാരം പൊതു സ്വത്ത് അല്ലാതെയുള്ള വസ്തുവിന് നഷ്ടമോ ഹാനിയോ വരുത്തുന്ന ഏതൊരാളെയും അഞ്ച് വർഷക്കാലം വരെ ആകാവുന്ന തടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(iv) 427 ബി പ്രകാരം പബ്ലിക് സർവ്വന്റിന്റെയോ അല്ലെങ്കിൽ പബ്ലിക് സർവ്വന്റിന്റെ കുടുംബാംഗത്തിന്റെയോ വസ്തുവിന് നഷ്ടം വരുന്ന വിധത്തിൽ ദ്രോഹം ചെയ്യുന്ന ഏതൊരാളെയും അഞ്ച് വർഷക്കാലം വരെ ആകാവുന്ന തടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

Mayhily

സെക്ഷൻ ഓഫീസർ